ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) വാഹനങ്ങളിൽ നിന്നും വമിക്കപ്പെടുന്ന പുക അന്തരീക്ഷത്തിൽ ഉണ്ടാക്കുന്ന മലിനീകരണം എത്രത്തോളമാണെന്ന് വിലയിരുത്താനുള്ള സംവിധാനം മോട്ടോർ വാഹന വകുപ്പിനില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സംസ്ഥാനത്ത് ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ കാലപ്പഴക്കം ചെന്നവയെ നിരത്തുകളിൽ നിന്നും ഒഴിവാക്കാനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. 20-3-2001-ൽ കൂടിയ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി യോഗത്തിൽ കേരളത്തിൽ സർവ്വീസ് നടത്തുന്ന ബസ്സുകൾ രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം പൂർത്തിയായാൽ മാറ്റണമെന്ന് പെർമിറ്റിൽ വ്യവസ്ഥ ചെയ്യുവാനും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് നിർദ്ദേശം നൽകുവാനും തീരുമാനിക്കുകയുണ്ടായി. അതതനുസരിച്ച് സംസ്ഥാനത്തെ വിവിധ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ യോഗം കൂടി അതതു ജില്ലകളിൽ നിന്നും 15 വർഷം തികഞ്ഞ ബസ്സുകൾ പിൻവലിക്കേണ്ട തീയതികൾ തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനത്തിനെതിരെ സമർപ്പിക്കപ്പെട്ട ഹർജിയിൽ കേരള ഹൈക്കോടതി നിലവിലുള്ള ബസ്സുടമകൾക്ക് ഇപ്രകാരമുള്ള ബസ്സുകൾ മാറ്റുന്നതിന് രണ്ടു വർഷം അനുവദിക്കുന്നതിന് ഉത്തരവായി. അതിനുശേഷം ആറുമാസം കൂടി സർക്കാർ അനുവദിക്കുകയുണ്ടായി. കാലപ്പഴക്കം ചെന്ന സ്റ്റേജ് ക്യാരേജുകൾ യാത്രക്കാരുടെ ജീവന് ഭീഷണിയായതിനാലാണ് അവ മാറ്റണമെന്ന തീരുമാനം ബന്ധപ്പെട്ട ആർ.ടി.എ.കൾ എടുത്തത്.

കൈത്തറി തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും ഏകീകരിക്കാൻ നടപടി

26 (*266) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും ദേശീയ തലത്തിൽ ഏകീകരിക്കാൻ നടപടികളായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം അവതരിപ്പിക്കുമോ ;

(സി) വില കുറഞ്ഞ തമിഴ്നാട് കൈത്തറി തുണിത്തരങ്ങൾ ക്രമാതീതമായി കൊണ്ടുവന്ന് റിബേറ്റ് ആനുകൂല്യങ്ങൾ കരസ്ഥമാക്കുന്നതിനാൽ കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങളുടെ മാർക്കറ്റ് നഷ്ടപ്പെടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ രംഗത്ത് തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് പ്രത്യക്ഷമായി പ്രയോജനം ചെയ്യുന്ന പദ്ധതികൾക്ക് രൂപം നൽകുമോ ;

(ഇ) കൈത്തറി തുണികൾ ഉൽപ്പാദിപ്പിക്കുന്നവർക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന പുതിയ ക്ഷേമ പരിപാടികൾ നടപ്പിലാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) ഇല്ല. ഇത്തരം നടപടികൾക്കുള്ള നിർദ്ദേശം നൽകുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല.

(സി) കേരളത്തിൽ കൊണ്ടുവരുന്ന, തമിഴ്നാട്ടിലെ വില കുറഞ്ഞ കൈത്തറി തുണികൾക്ക് റിബേറ്റ് ആനുകൂല്യങ്ങൾ നൽകുന്നില്ല.

(ഡി&ഇ) തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം പരമാവധി ഒഴിവാക്കുന്നതിന് സഹായകരമായ രീതിയിലും കൈത്തറി തുണികൾ ഉൽപാദിപ്പിക്കുന്നവർക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന രീതിയിലുമാണ് കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പാക്കി വരുന്നത്.

തുറമുഖ വികസനത്തിനായി വിദേശ ഏജൻസിയിൽനിന്നും വായ്പ എടുക്കുന്നതിനുള്ള നടപടി

27 (*267) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വികസനത്തിനായി ഏതെങ്കിലും വിദേശ ഏജൻസിയിൽനിന്നും വായ്പ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) തുറമുഖ വികസനത്തിനായി എന്തു തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ തുറമുഖങ്ങളുടെ ശോചനീയമായ അവസ്ഥ കാരണം കപ്പലുകൾ തമിഴ് നാട്ടിലേക്ക് പോകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) ഇല്ല.

(ബി) തുറമുഖ വികസനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും 2002-2003-ൽ 4,73,750 രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ തുറമുഖങ്ങളുടെ ശോചനീയമായ അവസ്ഥ കാരണം കപ്പലുകൾ തമിഴ്നാട്ടിലേക്ക് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly